# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1463 13.07.2016 - ൽ മറുപടിക്ക്

## ഒൻപതാം ശമ്പളപരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിന്റെ കീഴിലെ സ്വയംഭരണ സ്ഥാപനമായ സി-മെറ്റ് (State Institute of Medical Education Technology) ന്റെ കോളേജുകളിൽ സേവനം ചെയ്യുന്നതും, ഗവർണിംഗ് ബോഡി തീരുമാനപ്രകാരം സേവനം റഗുലറൈസ് ചെയ്തതുമായ ജീവനക്കാരിൽ പേ-സ്കെയിൽ പ്രകാരം ശമ്പളം വാങ്ങുന്നവർക്ക്, ഒൻപതാം ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന്റെ പ്രൊപ്പോസൽ, സർക്കാരിൽ ലഭിച്ചത് എന്നാണ്; ആയതിന്റെ വിശദവിവരവും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; | എ) | ചോദ്യത്തിൽ പറയുന്നതുപോലെ ജീവനക്കാർ ഇതുവരെ റഗുലറൈസ് ചെയ്യപ്പെട്ടിട്ടില്ല. സി-മെറ്റ് ഡയറക്ടർ ഇതു സംബന്ധിച്ച് നിർദ്ദേശം 15.04.2013-ന് സമർപ്പിച്ചിരുന്നെങ്കിലും ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. |
| ബി) | നിരവധി വർഷം കഴിഞ്ഞിട്ടും ഈ പ്രൊപ്പോസൽ നടപ്പിലാക്കാത്തതിന്റെ കാരണം എന്താണ്; | ബി) & സി) | നിർദ്ദേശം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | ഇവർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| ഡി) | 2009 മുതൽ സേവനം ചെയ്യുന്ന ഇവർക്ക് കഴിഞ്ഞ 5 വർഷവും ഇൻക്രിമെന്റും ശമ്പള വർദ്ധനവും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | 24.05.2014-ന് കൂടിയ സിമെറ്റിന്റെ 13-ാംമത് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ഇൻക്രിമെന്റ്, ക്ഷാമബത്ത, പേ റിവിഷൻ എന്നിവ നൽകാത്തത് പരിഗണിച്ച്, ശമ്പള സ്കെയിൽ അനുവദിച്ചവർക്ക് 24.05.2014 മുതൽ അടിസ്ഥാന ശമ്പളം 20% വർദ്ധിപ്പിക്കുന്നതിനും കൺസോളിഡേറ്റഡ് പേയിൽ തുടരുന്ന ജീവനക്കാർക്ക് 24.05.2014 മുതൽ |

| | | | |
|---|---|---|---|
| | | | കൺസോളിഡേറ്റഡ് പേ 10% വർദ്ധിപ്പിക്കുന്നതിനായി സിമറ്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ